ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ വാമനപുരം, എറണാകുളം ജില്ലയിലെ അങ്കമാലി, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എന്നീ ഐ.സി.ഡി.എസ്. ബ്ലോക്കുകളിലാണ് ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുള്ളത്.

(ബി) 2004 നവംബർ മാസം മുതൽ.

(സി) ഉണ്ട്. പൈലറ്റ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തി, പോരായ്മകൾ തീർത്ത് സംസ്ഥാന വ്യാപകമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിനു കെട്ടിടം

32 [2901] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിനു സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പ്രോജക്ട് ഓഫീസിനു കെട്ടിടം പണിയുവാൻ സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ സാമ്പത്തിക സഹായം നൽകണം എന്ന നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബാലുശ്ശേരി ഓഫീസ് കെട്ടിടം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ, വാട്ടർ സപ്ലൈ എന്നീ പ്രവർത്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ പൂർത്തീകരിക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലോക ക്ഷേമ പരിപാടിയുടെ ഭാഗമായി കെട്ടിട നിർമ്മാണത്തിനു 2.5 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 1.5 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്. ബാലുശ്ശേരി ഐ സി.ഡി.എസ്. ഓഫീസ് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ കോൺഫറൻസ് ഹാൾ കം മാർക്കറ്റിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനു സ്വയം സിദ്ധ ഫണ്ടിൽ നിന്നും ആറുലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച പ്രൊപ്പോസലിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും സ്ഥിരപ്പെടുത്താൻ നടപടി

33 [2902] ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. പ്രോജക്ടിൽ താൽക്കാലികമായി മൂന്നു വർഷത്തിനുമേൽ സർവ്വീസുള്ള അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച ഉത്തരവ് എപ്പോൾ ഉണ്ടാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ അംഗൻവാടികളിൽ താൽക്കാലികാടിസ്ഥാനത്തിൽ 2 കൊല്ലത്തോളം തുടർച്ചയായോ ഘട്ടംഘട്ടമായോ സേവനം പൂർത്തിയാക്കിയിട്ടുള്ള വർക്കർ/ഹെൽപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിന് 9-9-1997, 22-7-1998 എന്നീ തീയതികളിൽ പൊതു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 1-1-1996-നു ശേഷം പിരിഞ്ഞുപോയവർക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. അതിനുശേഷം താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന അംഗൻവാടി ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പൊതുനിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഇക്കാര്യം വിശദമായി പരിശോധിച്ച് നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ ഐ.സി.ഡി.എസ്. വർക്കർ/ഹെൽപ്പർമാരെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച്

34 [2903] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഐ.സി.ഡി. എസ്. വർക്കർ/ഹെൽപ്പർമാരെ തെരഞ്ഞെടുക്കുന്നത് എന്ത് മാനദണ്ഡം അനുസരിച്ചാണ്;

(ബി) ഈ തെരഞ്ഞെടുപ്പിനായി കമ്മിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരൊക്കെയാണ് കമ്മിറ്റി അംഗങ്ങൾ;

(ഡി) കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ്. വർക്കർ/ഹെൽപ്പർമാരെ തെരഞ്ഞെടുക്കുന്നതിനായി 21-6-2005-ൽ വച്ചിരുന്ന ഇൻറർവ്യൂ എന്ത് കാരണം കൊണ്ടാണ് മാറ്റിവെച്ചത്;

(ഇ) ഈ പഞ്ചായത്തിൽ ഐ.സി.ഡി.എസ്. വർക്കർ/ഹെൽപ്പർമാരെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ തെരഞ്ഞെടുക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 14-10-1991-ലെ ജി.ഒ. (എം.എസ്.) 19/91/സാക്ഷേവ. 28-2-1995-ലെ ജി.ഒ. (എം.എസ്.) 9/95/സാക്ഷേവ. 25-5-2005-ലെ ജി.ഒ. (എം.എസ്.) 64/05/സാക്ഷേവ. എന്നീ സർക്കാർ ഉത്തരവുകളിൽ അടങ്ങിയിട്ടുള്ള മാനദണ്ഡമനുസരിച്ചാണ് ഐ.സി.ഡി.എസ്. പ്രോജക്ടിൽ അംഗൻവാടി പ്രവർത്തകരെ തിരഞ്ഞെടുക്കുന്നത്.

(ബി) ഉണ്ട്. സർക്കാർ ഓരോ ഐ.സി.ഡി.എസ്. പ്രോജക്ടുകൾക്കും വേണ്ടി സെലക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചാണ് അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവരെ തിരഞ്ഞെടുക്കുന്നത്.

(സി) ജില്ലാ കളക്ടർ ചെയർമാനും പദ്ധതി പ്രദേശത്തെ എം.എൽ.എ./എം.എൽ.എ.-മാർ, എം.പി./എം.പി.-മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, ജില്ലാപഞ്ചായത്ത് മെമ്പർമാരിൽ നിന്നും സർക്കാർ നോമിനേറ്റ് ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly